പി.എസ്.സി. മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്ന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമന ക്രമക്കേടുകൾ

66 (76) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്ന സർക്കാരിന്റെ കീഴിലെ കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നതിന്റെ ലിസ്റ്റ് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. വഴി നിയമനം നടത്താൻ തീരുമാനമായശേഷം ഇപ്പോഴും നേരിട്ട് നിയമനം നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽരഹിതരായവർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) നിയമനം പി.എസ്.സി. വഴി നടത്തുന്ന സ്ഥാപനങ്ങൾ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ഒഴിവുകൾ നികത്തുന്നതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്ന (ബി.പി.ഇ.)-യുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-I)*

(ബി) പി.എസ്.സി. മുഖേന നിയമനം നടത്താൻ തീരുമാനിച്ചശേഷം ഖണ്ഡിക(ഡി), റൂൾ 2 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ & കമ്പനീസ്) റൂൾസ് 1971-ൽ ആവശ്യമായ ഭേദഗതിവരുത്തുക, സ്ഥാപനത്തിന്റെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുക, റൂൾസിന് സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ അംഗീകാരം ലഭ്യമാക്കുക തുടങ്ങിയ കാരണത്താൽ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനു കാലതാമസം നേരിടാറുണ്ട്. ഇക്കാരണത്താൽ നേരിട്ട് നിയമനം തുടർന്നുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ വിവിധ ഭരണവകുപ്പുകളിൽനിന്നു ശേഖരിച്ചുവരുന്നു.

(സി) ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അതിന് ഉത്തരവാദിയായവർക്കെതിരെ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയൽ കാറ്റഗറിയിലും വർക്കർ കാറ്റഗറിയിലും ഒഴികെയുള്ള നിയമനങ്ങളാണ് പി.എസ്.സി-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്. നിയമനം പി.എസ്.സി. മുഖേന നടത്തുന്ന എല്ലാ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്.ചെയ്യണമെന്ന് കർശന നിർദ്ദേശം നൽകിവരുന്നു. സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയയിൽപ്പെടുന്നപക്ഷം അതിന് ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

എറണാകുളം ജില്ലയിൽ 2011 മാർച്ച് 31-നു വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം

67 (77) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ 2011 മാർച്ച് 31-ന് ലാസ്റ്റ് ഗ്രേഡ് സെർവന്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഓരോ തസ്തികയിലും എത്ര നിയമനം നടത്തി ; എത്ര നിയമനം നടത്താനുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് നിയമനം

68 (78) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 18-9-2008-ൽ നിലവിൽവന്ന ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (വിവിധ വകുപ്പുകൾ) ലിസ്റ്റിൽ നാളിതുവരെ എത്രപേർക്ക് നിയമന ശിപാർശ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ജില്ലയിൽ എത്ര ഒഴിവുകൾ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം 31-3-2011-വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും 31-3-2011-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ വരാവുന്ന ഒഴിവുകൾ ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നുവെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly